ശ്രീ. ടി. കെ. രാമകൃഷ്ണൻ: എപ്പോഴാണ് ആ ചർച്ച നടത്താൻ പോകുന്നതെന്നുകൂടി പറയണം. ഗവൺമെൻറ് ഭാഗത്തുനിന്നും അവതരിപ്പിക്കാൻ തയ്യാറുണ്ടോ?

മി. സ്പീക്കർ: അതു നമുക്കു തീർച്ചപ്പെടുത്താം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എപ്പോഴാണ് ചർച്ച നടത്താൻ പോകുന്നത്. ഞങ്ങളും ഇവിടെ ഉന്നയിച്ച പ്രശ്നത്തിൻെറ ഗൗരവം ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ടോ എന്നറിയാൻ വേണ്ടിയാണ ചോദിക്കുന്നത്. അതേപ്പറ്റിയുള്ള വിവരമറിഞ്ഞിട്ടു വേണം, ബാക്കി കാര്യങ്ങളിലേക്കു കടക്കാൻ.

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽവച്ച് തീരുമാനിക്കാം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഇത്തരം സംഭവങ്ങളും ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി നാട്ടിലെ നിയമസമാധാനപാലനത്തിനുവേണ്ടി ഗവൺമെൻറ് ഊർജ്ജിതമായ നടപടികളും കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കിയതിൻെറ അടിസ്ഥാനത്തിൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

IV. ശ്രദ്ധ ക്ഷണിക്കൽ

മുണ്ടക്കയം ടി. ആർ. ടി. കമ്പനി വക തോട്ടങ്ങളിലെ പണിമുടക്കിനെ സംബന്ധിച്ച്:

ശ്രീ. സി. എ. കുര്യൻ: മുണ്ടക്കയം മേഖലയിലെ ടി. ആർ. ടി. എസ്റ്റേറ്റു വക മാണിക്കൽ, ആനക്കുളം, കടമാൻകുളം, മഞ്ഞക്കണ്ടോളം, കുപ്പക്കയം, ഏനാപ്പാറ, മടമ്പ എന്നീ എസ്റ്റേറ്റുകളിലും മുണ്ടക്കയത്തെ കെ. വി. സഖറിയ ആൻറ് സൺസ് വക മേലോരം എന്ന എസ്റ്റേറ്റിലും കഴിഞ്ഞ 79 ദിവസങ്ങളിലായി തൊഴിലാളികൾ പണിമുടക്കിലാണ്. ഇന്ന് ആ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളി സംഘടനകളും യോജിച്ച് രാഷ്ട്രീയ പ്രസ്ഥാനം എന്നതിനു ഉപരി, തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരത്തിൻെറ പാതയിലൂടെ നീങ്ങുകയാണ്. അവർ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യം 54 മുതൽ നമ്മുടെ രാജ്യത്ത് നിലവിലുള്ള പ്ലാൻേറഷൻ ലേബർ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കണമെന്നുള്ളതാണ്. കഴിഞ്ഞ 25 വർഷത്തിനു മുമ്പ് ഈ രാജ്യത്തുണ്ടായ, നിലവിലുള്ള നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് തൊഴിലാളികൾ പണിമുടക്കിൽ ഏർപ്പെട്ടിരിക്കുന്നത്. പ്ലാൻേറഷൻ ലേബർ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഉടമ തൊഴിലാളികൾക്കു ശുദ്ധജല വിതരണം നടത്തണമെന്നുണ്ട്. താമസ സൗകര്യം കൊടുക്കണമെന്ന് അതിൽ വ്യവസ്ഥയുണ്ട്. സൗജന്യമായി വൈദ്യസഹായവും കൊടുക്കണം. ഈ ആനുകൂല്യങ്ങൾ തൊഴിലാളികൾക്കു പ്ലാൻേറഷൻ ലേബർ ആക്റ്റനുസരിച്ചു ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതായി ഉണ്ട്. അതെല്ലാം ടി. ആർ. ടി. മാനേജുമെൻറ് നിഷേധിച്ചിരിക്കുകയാണ്. കെ. വി. സഖറിയ ആൻറ് സൺസിൻെറ മേലോരത്തെ എസ്റ്റേറ്റിലും ഈ അവകാശങ്ങൾ നിഷേധിച്ചിരിക്കുകയാണ്. ഇവിടെയെല്ലാം 76, 77 എന്നീ രണ്ടു വർഷങ്ങളിലെ ബോണസിനെ സംബന്ധിച്ച തർക്കം ഉണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം മുണ്ടക്കയം മേഖല റബ്ബറിന് ഏറ്റവും കൂടുതൽ ലാഭം കിട്ടുന്ന ഒരു ഏരിയയാണ്. മദ്ധ്യ തിരുവിതാംകൂറിൽ ഏറ്റവും നല്ല എസ്റ്റേറ്റുകൾ എന്ന് അറിയപ്പെടുന്നത് ടി. ആർ. ടി. എസ്റ്റേറ്റുകളാണ്. അങ്ങനെ വളരെ ലാഭം ഉണ്ടാക്കുന്ന എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് തൊട്ടടുത്ത മലയാളം പ്ലാൻേറഷനിലെ തൊഴിലാളികൾക്കു കൊടുക്കുന്ന ബോണസ് പോലും നിഷേധിച്ചിരിക്കുകയാണ്. അതിനെത്തുടർന്നാണ് അവിടത്തെ എല്ലാ തൊഴിലാളി സംഘടനകളും യോജിച്ച് സമരത്തിനിറങ്ങിയത്. അവിടെ സമരം തുടങ്ങിയിട്ട് 79 ദിവസമായിട്ടും കേരളത്തിലെ ഒരു മന്ത്രിപോലും തിരിഞ്ഞു നോക്കിയിട്ടില്ല എന്നുള്ളത് വളരെ കഷ്ടകരമാണെന്നു പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുമ്പ് സമാധാനപരമായി പണിമുടക്കു നടത്തിക്കൊണ്ടിരുന്ന തൊഴിലാളികളുടെ സമരത്തെ പരാജയപ്പെടുത്തുന്നതിനുവേണ്ടി ഒരു സംഘം പോലീസ് ഉദ്യോഗസ്ഥൻമാർ ആ എസ്റ്റേറ്റിൽ കടന്നു ചെല്ലുകയും കുറെ തൊഴിലാളികളെ സ്വാധീനിച്ചുകൊണ്ട് ഉടമകൾക്കു വേണ്ടി ജോലിക്ക് ഇറക്കുകയും ചെയ്ത സംഭവം ഉണ്ടായി. കഴിഞ്ഞ കാലങ്ങളിൽ ഈ രാജ്യത്തെ പോലീസ് ന്യായമായി നടത്തുന്ന തൊഴിൽ സമരങ്ങളോട് സഹകരിച്ചു നിന്നിരുന്നുവെങ്കിൽ ഇന്ന് ഇതുപോലെ യോജിച്ചു നടത്തുന്ന സമരങ്ങളെ തകർക്കുന്നതിനുവേണ്ടി പോലീസിൻെറ സഹായം ഉടമകൾ സ്വീകരിക്കുന്നുണ്ട്. ഇതു ഗവൺമെൻറിൻെറ പ്രഖ്യാപിത നയത്തിനു വിരുദ്ധമാണ്. ഇതു തിരുത്തണമെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുന്നതിനോടൊപ്പം 79 ദിവസമായി ന്യായമായ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടു നടത്തുന്ന ഈ സമരത്തെ വിജയിപ്പിക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെൻറ് ഭാഗത്തുനിന്നും അടിയന്തിരമായി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വസ്തുതകളൊക്കെ ശരിയാണ്. 26.12.1978 മുതൽ 75,76,77 കൊല്ലങ്ങളിലെ ബോണസിനെ സംബന്ധിച്ചും വൈദ്യ സഹായം, ഭവനം എന്നിവയ്ക്കു വേണ്ട സൗകര്യങ്ങളൊക്കെ ഉണ്ടാക്കിക്കൊടുക്കണമെന്ന ഡിമാൻറുകളൊക്കെ വച്ചിട്ട് അവിടത്തെ അഞ്ചു യൂണിയനുകൾ ചേർന്ന് (മൂവായിരത്തോളം തൊഴിലാളികൾ ഉൾപ്പെട്ട) നടത്തുന്ന സ്ട്രൈക്ക് ആണ്. പക്ഷേ ആ സ്ട്രൈക്ക് സംബന്ധിച്ച് കഴിഞ്ഞ 28.12.1978-ൽ കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഒരു കോൺഫറൻസ് വിളിച്ചു കൂട്ടി. അന്ന് ഒത്തുതീർപ്പ് ഉണ്ടാക്കാൻ സാധിച്ചില്ല. അതുകൊണ്ട് 8.1.1979 ലും 30.1.1979 ലും ജോയിൻറ് ലേബർ കമ്മീഷണർ ഇടപെടുകയും കോൺഫറൻസ് വിളിച്ചുകൂട്ടുകയും ചെയ്തു. ജനുവരി മാസം 30-ാം തീയതി നടന്ന കോൺഫറൻസിൻെറ അടിസ്ഥാനത്തിൽ മാനേജുമെൻറ് 77-ലേക്ക് 12 ശതമാനം അംഗീകരിക്കാമെന്നും അതിൽ കൂടുതൽ കൊടുക്കാൻ സാദ്ധ്യമല്ലെന്നും ഉള്ള നിലപാടാണ് എടുത്തത്. 75-ൽ എട്ടും മൂന്നിലൊന്നും ശതമാനം ബോണസ് കൊടുത്തു കഴിഞ്ഞതുകൊണ്ട് ആ കാലത്തെ കാര്യം പുനർനിർണ്ണയം ചെയ്യാൻ സാദ്ധ്യമല്ലെന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലപാടാണ് മാനേജുമെൻറ് എടുത്തത്. തൊഴിലാളി യൂണിയനുകളെ സംബന്ധിച്ചിടത്തോളം അതു അംഗീകരിക്കാൻ സാദ്ധ്യമല്ലായെന്ന നിലപാടാണ് അന്ന് എടുത്തത് അതിനുശേഷം ഫെബ്രുവരി മാസം രണ്ടാം തീയതി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. അതിൽ വച്ച് യൂണിയനുകളും 76-ലേയും 75-ലേയും ബോണസുകളെ സംബന്ധിച്ചിടത്തോളം മാനേജുമെൻറ് എടുത്ത നിലപാട് അംഗീകരിച്ചു. അതോടൊപ്പം വൈദ്യസഹായത്തെ സംബന്ധിച്ചും വീടിനെ സംബന്ധിച്ചും ഉള്ള എല്ലാ ഡിമാൻറുകളെ സംബന്ധിച്ചും തീരുമാനം ഉണ്ടാകണമെന്ന നിലപാട് തൊഴിലാളി യൂണിയനുകളും സ്വീകരിച്ചു. അതുകൊണ്ട് ഒത്തുതീർപ്പ് ഉണ്ടാക്കാൻ സാധിച്ചില്ല. മാനേജുമെൻറിന് ഇതിനെ സംബന്ധിച്ച് കൂടുതൽ ആലോചിക്കേണ്ടതാണെന്ന അഭിപ്രായത്തിൽവീണ്ടും മാറ്റി വയ്ക്കുകയും ഫെബ്രുവരി 12-ാം തീയതി വീണ്ടും കോൺഫറൻസ് വിളിച്ചു കൂട്ടുകയും ചെയ്തു. ആ കോൺഫറൻസിൽ പങ്കെടുക്കാൻ മാനേജുമെൻറിന് സാധിച്ചില്ല. 21.2.1979-ൽ കോൺഫറൻസ് വിളിച്ചു കൂട്ടാൻ മാറ്റി വയ്ക്കുകയും കോൺഫറൻസ് വിളിച്ചു കൂട്ടുകയും ചെയ്തു. നിർഭാഗ്യവശാൽ ആ കോൺഫറൻസിൽ ഒത്തു തീർപ്പ് ഉണ്ടാക്കാൻ സാധിച്ചില്ല. ഉടനെ തന്നെ മറ്റൊരു കോൺഫറൻസ് വിളിച്ചു കൂട്ടാനുള്ള നടപടികളും എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മറ്റൊരു കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, പോലീസിൻെറ ഇടപെടൽ ഉണ്ടായിരുന്നു എന്നാണ്. അനാവശ്യമായ ഇടപെടലുകളും ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയാൽ അതു ഇല്ലാതാക്കുന്നതിനു വേണ്ട എല്ലാ നടപടികളും എടുക്കുന്നതാണ്.

V. റിപ്പോർട്ടു സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 21-ാമതു റിപ്പോർട്ട്:

ശ്രീ. എം. കെ. കൃഷ്ണൻ: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 21-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

(i) 1979-ലെ സൈലൻറുവാലി സംരക്ഷിത പ്രദേശം (ഇക്കോളജിക്കൽ ബാലൻസ് സംരക്ഷണം) ബിൽ - (തുടർച്ച)

(Mr. Deputy Speaker in the Chair)

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, സൈലൻറു വാലി പദ്ധതി നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും ആവശ്യമുള്ള ജല വൈദ്യുത ജലസേചന പദ്ധതി എന്ന നിലയ്ക്ക് നടപ്പാക്കണമെന്നുള്ള അഭിപ്രായത്തിൽ ഉറച്ചു നിന്നുകൊണ്ടുതന്നെയാണ് ഞാൻ ചിലതൊക്കെ ഇന്നലെ പറഞ്ഞത്. പ്രോജക്ടറു റിപ്പോർട്ടനുസരിച്ചു തന്നെ ജല സംഭരണിക്കു ഏഴു ചതുരശ്ര കിലോ മീറ്റർ വേണ്ടി വരും. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly